"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - അക്കാദമികം - പോളിടെക്നിക് ഡിപ്ലോമ - 2015 റിവിഷൻ സ്കീമിൽ 2019-20 അധ്യയന വർഷം പ്രവേശനം നേടിയിട്ടുള്ള സപ്ലിമെന്ററി പരീക്ഷാ അവസരങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ഡിപ്ലോമ പരീക്ഷയിൽ പങ്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ (എൽ )വകുപ്പ്**

സ.ഉ.(സാധാ) നം.1202/2026/HEDN തീയതി,തിരുവനന്തപുരം, 24-09-2026

---

പരാമർശം:- 1. 17.3.2026 തീയതിയിലെ സ.ഉ.(സാധാ) നം.393/2026/ഉ.വി.വ

2. 19.9.2026 തീയതിയിലെ DTETVM/6722/2026-C2 (ACA)

**ഉത്തരവ്**

2015 റിവിഷൻ സ്കീമിൽ 2015-16 മുതൽ 2018-19 വരെയുള്ള അധ്യയന വർഷങ്ങളിൽ പോളിടെക്നിക് ഡിപ്ലോമ പ്രവേശനം നേടിയ, സപ്ലിമെന്ററി പരീക്ഷാ അവസരങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് 2026 ഏപ്രിൽ, 2026 നവംബർ, 2027 ഏപ്രിൽ എന്നീ പരീക്ഷാ കാലയളവുകളിൽ ഡിപ്ലോമ പരീക്ഷയിൽ പങ്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ പ്രത്യേകമായി അവസരം അനുവദിച്ചിട്ടുണ്ട്. 2019-20 അധ്യയന വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളും 2015 റിവിഷൻ സ്കീമിൽ തന്നെ ഉൾപ്പെട്ടവരായതിനാൽ, ടി വിദ്യാർത്ഥികളെയും പരാമർശം (1) ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2015 റിവിഷൻ സ്കീമിൽ ഉൾപ്പെട്ട 2019-20 അധ്യയന വർഷം പ്രവേശനം നേടിയ, സപ്ലിമെന്ററി പരീക്ഷാ അവസരങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കും പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനൂപ് എം ആർ

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

സാങ്കേതിക പരീക്ഷാ കൺട്രോളർ, സാങ്കേതിക പരീക്ഷാ വിഭാഗം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Geetha Lekshmi. G
Date: 24-09-2026
16:02:36

സെക്ഷൻ ഓഫീസർ